"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന നിർമ്മിക്കുന്ന ചെങ്ങന്നൂർ തീയേറ്റർ കോംപ്ലക്സ് നിർമ്മാണത്തിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.144/2026/CLAD തീയതി, തിരുവനന്തപുരം, 19-02-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.48/2025/WRD തീയതി 18.01.2025
2. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 29.01.2026 തീയതിയിലെ 5437/T1/24/KSFDC നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കിഫ്ബി ഫണ്ട് വിനിയോഗിച്ച് ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ തീയേറ്റർ കോംപ്ലക്സ് കെട്ടിടം നിർമ്മിക്കുന്നതിനായി ചെങ്ങന്നൂർ വില്ലേജിൽ, സർവ്വേ നമ്പർ 282/2-ൽ ഉൾപ്പെട്ട പമ്പ ജലസേചന പദ്ധതിയുടെ 70 സെന്റ് സ്ഥലം ഉപയോഗിക്കുന്നതിന് പരാമർശം (1) പ്രകാരം സാംസ്കാരിക വകുപ്പിന് അനുമതി നൽകി ഉത്തരവായിരുന്നു.

2. പ്രസ്തുത പദ്ധതിക്കായി 48,52,37,560/- രൂപയുടെ (നാൽപത്തിയെട്ട് കോടി അമ്പത്തിരണ്ട് ലക്ഷത്തി മുപ്പത്തിയേഴായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം) പ്രൈസ് 3 സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പരാമർശം (2) പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ഫണ്ട് വിനിയോഗിച്ച് ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ തീയേറ്റർ കോംപ്ലക്സ് നിർമ്മിക്കുന്നതിന് 48,52,37,560/- രൂപയുടെ (നാൽപത്തിയെട്ട് കോടി അമ്പത്തിരണ്ട് ലക്ഷത്തി മുപ്പത്തിയേഴായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (INFRA7/70/2025-FIN Dated 15.01.2026)
കരുതൽ ഫയൽ (A3/46/2025-CLAD-Part(1) )

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
Date: 20-02-2026 10:39:17
സെക്ഷൻ ഓഫീസർ

പകർപ്പ് : 1) ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2) സാംസ്കാരികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്.